## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *593 — 28.07.2015-ലെ മറുപടിക്ക്

## ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. കെ. സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും<br>വകുപ്പ് മന്ത്രി) |
| (എ) ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) കൂടുതൽ ക്ഷീരകർഷകരെ ക്ഷീരസഹകരണ മേഖലയിലേയ്ക്ക് കൊണ്ടുവരിക, ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉണ്ടാക്കുക, സംഭരണവും വിപണനവും മെച്ചപ്പെടുത്തുക, ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന ഗുണനിലവാരം കൈവരിക്കുക, സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക, ഗ്രാമവിവരകേന്ദ്രങ്ങളായി ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സൌകര്യങ്ങൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാ നുദ്ദേശിക്കുന്നത്.<br>കേന്ദ്രാവിഷ്കൃത പദ്ധതികളായ ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ ഡയറി പ്ലാൻ, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾ പ്രകാരം സംഘങ്ങളുടെ നവീകരണത്തിന് ആവശ്യമായ സഹായങ്ങൾ നല്കുന്നതിനുള്ള പദ്ധതികൾ മിൽമയുടെ മേഖലാ യൂണിയനുകൾ വഴി നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിലൂടെ മിൽമ ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക മികവ് വരുത്തുവാനും സംഘങ്ങളുടെ ശാക്തീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സുതാര്യത ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു. |

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് ?

(സി) ഇതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കി ജില്ലാ ഓഫീസുകൾ, യൂണിറ്റുതല ഓഫീസുകൾ എന്നിവ മുഖേന ടി പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക മികവ് വരുത്തുവാനും സുതാര്യത ഉറപ്പുവരുത്തുവാനുമായി ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ പ്ലാൻ ഫോർ ഡയറി ഡെവലപ്മെന്റ്, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾക്ക് കീഴിൽ ബൾക്ക് മിൽക്ക് കൂളറുകൾ, മിൽക്ക് അനലൈസറുകൾ, ഇലക്ട്രോണിക് വെയിംഗ് സ്കെയിലുകൾ, ഡാറ്റാ പ്രോസസറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഗ്രാമതലത്തിൽ ലഭ്യമാക്കിക്കൊണ്ട് മിൽമ ക്ഷീരസംഘങ്ങളുടെ നവീകരണത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ